അതൊരു നാഡിക്ക് ബാധിക്കുന്ന അസുഖമാകുന്നു. അതിനാൽ നിനക്ക് ആർത്തവം ഉണ്ടാകാറുണ്ടായിരുന്ന ദിവസങ്ങളുടെ എണ്ണം കണക്കാക്കി അവയിൽ നിസ്കാരം ഉപേക്ഷിക്കുകയും, ശേഷം കുളിക്കുകയും നിസ്കാരം നിർവ്വഹിക്കുകയും ചെയ്യുക

മുഅ്മിനീങ്ങളുടെ മാതാവായ ആഇശ -رَضِيَ اللَّهُ عَنْهَا- നിവേദനം: ഫാത്വിമഃ ബിൻത് അബീ ഹുബൈശ് -رَضِيَ اللَّهُ عَنْهَا- നബി -ﷺ- യോട് ചോദിച്ചു : എനിക്ക് രക്തസ്രാവം നിലക്കുന്നില്ല എന്നതിനാൽ ഞാൻ ശുദ്ധിയാകുന്നില്ല . അതിനാൽ ഞാൻ നമസ്കാരം ഉപേക്ഷിച്ചു കൊള്ളട്ടെയോ?! അപ്പോൾ നബി -ﷺ- പറഞ്ഞു: "പാടില്ല . അതൊരു നാഡിക്ക് ബാധിക്കുന്ന അസുഖമാകുന്നു . അതിനാൽ നിനക്ക് ആർത്തവം ഉണ്ടാകാറുണ്ടായിരുന്ന ദിവസങ്ങളുടെ എണ്ണം കണക്കാക്കി അവയിൽ നിസ്കാരം ഉപേക്ഷിക്കുകയും, ശേഷം കുളിക്കുകയും നിസ്കാരം നിർവ്വഹിക്കുകയും ചെയ്യുക ."

[صحيح] [متفق عليه]

ഫാത്വിമഃ ബിൻത് ഹുബൈശ് -رَضِيَ اللَّهُ عَنْهَا- നബി -ﷺ- യോട് ചോദിച്ചു : "എനിക്ക് രക്തസ്രാവം ഉണ്ടാകുന്നത് നിലക്കുന്നില്ല . ആർത്തവമുറയുടെ സമയം കഴിഞ്ഞാലും രക്തം വന്നു കൊണ്ടേയിരിക്കുന്നു. അതിനാൽ ഈ രക്തം വരുന്ന സമയം ആർത്തവത്തിന്റെ വിധി തന്നെ നൽകി, ഞാൻ നിസ്കാരം ഉപേക്ഷിക്കുകയാണോ വേണ്ടത്?!" അപ്പോൾ നബി -ﷺ- അവരോട് പറഞ്ഞു: "അത് കേവല രക്തസ്രാവമാണ് (ഇസ്തിഹാദഃ). ഗർഭപാത്രത്തിലെ ഏതെങ്കിലുമൊരു നാഡി പൊട്ടുന്നത് കൊണ്ട് രക്തം വന്നു കൊണ്ടിരിക്കുന്നതാണ് അതിന്റെ കാരണം. അതൊരിക്കലും ആർത്തവത്തിൽ ഉൾപ്പെടുകയില്ല. അതിനാൽ -രക്തസ്രാവം രോഗമായി ആരംഭിക്കുന്നതിന് മുൻപ്- സാധാരണയായി മാസമുറ പ്രകാരം ആർത്തവം വരാറുള്ള ദിവസങ്ങൾ വന്നെത്തിയാൽ നീ നിസ്കാരവും നോമ്പും ആർത്തവം മൂലം ഒഴിവാക്കാറുള്ള മറ്റു കാര്യങ്ങളും ഉപേക്ഷിക്കുക. ഈ സമയപരിധി അവസാനിച്ചാൽ അതോടെ നീ ആർത്തവത്തിൽ നിന്ന് ശുദ്ധിയായി കഴിഞ്ഞു. അതിനാൽ പിന്നീട് രക്തം വരുന്ന ഭാഗം കഴുകുകയും, ശേഷം ശരീരം മുഴുവൻ നനയുന്ന വിധത്തിൽ -അശുദ്ധി നീക്കാൻ വേണ്ടി കുളിക്കുകയും- അതിന് ശേഷം നിസ്കാരം നിർവ്വഹിക്കുകയും ചെയ്യുക .

http://www.sunnah.global/hadeeth/ml/show/3029